**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2194** **09-02-2023 - ൽ മറുപടിയ്ക്ക്**

**തട്ടുകടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എൻ . ഷംസുദ്ദീൻ,**<br>**ശ്രീ. നജീബ് കാന്തപുരം,**<br>**ശ്രീ. ടി. വി. ഇബ്രാഹിം ,**<br>**ശ്രീ. യു.എ.ലത്തീഫ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തട്ടുകടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് തട്ടുകടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തി വരുന്നു. രാത്രി കാലങ്ങളിൽ വഴിയോരത്തുള്ള തട്ടുകടകൾ വൃത്തിയുള്ള രീതിയിൽ പ്രവർത്തിയ്ക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എല്ലാ സർക്കിൾ തലത്തിലും പ്രത്യേക പരിശോധനകളും നടന്നുവരുന്നു. |
| (ബി) | തെരുവ് കച്ചവടകേന്ദ്രങ്ങളിലെ വൃത്തിയും ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരവും ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | ഏകദേശം 20 മുതൽ 50 വരെ തട്ടുകടകൾ പ്രവർത്തിക്കുന്ന പ്രദേശങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ടു ശുദ്ധവും വൃത്തിയുള്ളതുമായ ആഹാരം പാകം ചെയ്ത് പൊതുജനങ്ങൾക്കും വിനോദ സഞ്ചാരികൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഭക്ഷ്യ സുരക്ഷാ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ്. ഈ പദ്ധതി പ്രകാരം ഇതുവരെ ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി നാല് സ്ട്രീറ്റ് ഫുഡ് ഹബ്ബുകളുടെ ഓഡിറ്റിംഗ് പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ